milma®
Malabar Regional Co-operative Milk Producers' Union Ltd.
Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

No:MRU:P&I:15:MLP: 755 21.02.2024

**സർക്കുലർ 975/2024**

**വിഷയം:- ആനന്ദ് മാതൃക ക്ഷീര സംഘങ്ങൾക്ക് അധിക പാൽവില നൽകുന്നത് സംബന്ധിച്ച്.**
**സൂചന :- മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 20.02.2024 തിയ്യതിയിലെ 63/(GEN)/5-ാം നമ്പർ തീരുമാനം.**

**1) ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലെ കർഷകർക്ക് അധിക പാൽ വില**

മേൽ സൂചന ഭരണസമിതി തീരുമാന പ്രകാരം 2024 മാർച്ച് 1 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ മേഖലാ യൂണിയന് പാൽ നൽകുന്ന എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും നിശ്ചിത ഗുണനിലവാരമുള്ള ഓരോ ലിറ്റർ പാലിനും 4 രൂപ വീതം അധിക പാൽ വില നൽകുവാൻ തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

2024 മാർച്ച് മാസത്തിൽ മേഖലാ യൂണിയന് നൽകുന്ന പാലളവ് അടിസ്ഥാനമാക്കി അതേ മാസത്തെ പാൽ വിലയോടൊപ്പമാണ് അധിക പാൽ വില നൽകുന്നത്. ആയത് ഓരോ 10 ദിവസത്തെയും സംഘത്തിന്റെ പാൽ വിലയോടൊപ്പം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇത് പാലിന്റെ ഗുണനിലവാരം അനുസരിച്ച് താഴെ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

| |
|---|
| 8.3 % SNF ഉം അതിന് മുകളിലും, അല്ലെങ്കിൽ മൊത്തം ഖരപദാർത്ഥങ്ങളുടെ അളവ് 12% എങ്കിലും ഉള്ള പാലിന് ലിറ്ററിന് 4.00 രൂപ പ്രകാരം. |
| 8.3 % ത്തിൽ താഴെ SNF ഉള്ള പാലിന്/12% എങ്കിലും മൊത്തം ഖരപദാർത്ഥങ്ങൾ ഇല്ലാത്തതുമായ പാലിന് ലിറ്ററിന് 3 രൂപ 25 പൈസ പ്രകാരം. |

ക്ഷീര സംഘങ്ങൾക്ക് 01.03.2024 മുതൽ 31.03.2024 വരെയുള്ള പാൽ വിലയിലൂടെ (മൂന്ന് ഘട്ടങ്ങളിലായി – 01.03.2024 മുതൽ 10.03.2024 വരെ, 11.03.2024 മുതൽ 20.03.2024 വരെ, 21.03.2024 മുതൽ 31.03.2024 വരെ) മിൽമയിൽ നിന്നും മേൽ പ്രകാരം ലഭിക്കുന്ന തുക പൂർണ്ണമായും (സംഘം വിഹിതം ഉൾപ്പെടുത്തിയോ അല്ലാതെയോ) അതാതു മിൽക്ക് ബിൽ പേയ്മെന്റിന്റെ കൂടെ പാലൊഴിച്ച ക്ഷീര കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്. ആയത് ക്യാഷ് ബുക്കിൽ 25.04.2024 നു മുമ്പായി രേഖപ്പെടുത്തി നിശ്ചിത മാതൃകയിൽ അതാത് പി & ഐ യൂണിറ്റ് ഉദ്യോഗസ്ഥർക്ക്, 10.05.2024 നു മുമ്പായി സമർപ്പിക്കേണ്ടതാണ്.

സമീപകാലത്ത് മേഖലാ യൂണിയൻ ക്ഷീര കർഷകർക്ക് അനുവദിച്ച അധിക പാൽ വിലയിൽ ഏറ്റവും വലിയ തുകയാണ് 2024 മാർച്ച് മാസത്തിൽ അനുവദിക്കുന്ന ഈ അധിക പാൽ വില. മേഖലാ യൂണിയൻ നേരത്തെ പ്രഖ്യാപിച്ച (2024 ജനുവരി മാസത്തെ പാലളവിന് അനുസൃതമായി) അധിക പാൽ വിലയായ 1 രൂപ 50 പൈസയടക്കം ആകെ 5 രൂപ 50 പൈസ മാർച്ച് മാസത്തിൽ ക്ഷീര കർഷകരിലേയ്ക്ക് എത്തുന്നതാണ്. ലിറ്ററിന് 1 രൂപ 50 പൈസ കണക്കാക്കിയുള്ള തുക 2024 ഫെബ്രുവരി മാസത്തെ 2-ാമത്തെ മിൽക്ക് ബില്ലിനോടൊപ്പം ബിൽ നമ്പർ 5 ആയി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2) **ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്ക് പ്രവർത്തന ഫണ്ടിനായി അധിക പാൽവില**

2024 ജനുവരി 1 മുതൽ 31 വരെ മേഖലാ യൂണിയന് പാൽ നൽകിയ എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും പാലളവിന് അനുസൃതമായി മേഖലാ യൂണിയന് നൽകിയ പാൽ ലിറ്റർ ഒന്നിന് 25 പൈസ വീതം, സംഘങ്ങളുടെ പ്രവർത്തനഫണ്ടായി ഉപയോഗപ്പെടുത്തുന്നതിന് അധികപാൽ വില അനുവദിക്കുന്നതാണ്. കഴിഞ്ഞ മാസത്തിൽ പ്രഖ്യാപിച്ച 2023 ഡിസംബർ 1 മുതൽ 31 വരെയുള്ള പാലളവിനെ കണക്കാക്കി ലിറ്ററിന് 1 രൂപയടക്കം ആകെ 1 രൂപ 25 പൈസ ഒരു ലിറ്റർ പാലിന് ക്ഷീര സംഘങ്ങൾക്ക് പ്രവർത്തന ഫണ്ടായി 2024 ഫെബ്രുവരി മാസം അവസാനവാരം/2024 മാർച്ച് മാസം ആദ്യ വാരം ചെക്കുകളായി ജില്ലാ/ഹെഡ് ക്വാർട്ടർ തല സംഘങ്ങളുടെ യോഗത്തിൽ വെച്ച് കൈമാറുന്നതാണ്. ഇത് ക്ഷീര സംഘങ്ങൾ പ്രവർത്തന ഫണ്ടായി ഉപയോഗപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും. മേഖലാ യൂണിയൻ കൈമാറുന്ന നാളിതുവരെയുള്ളതിൽ വെച്ച് ഏറ്റവും കൂടിയ തുകയാണ് ഇത് എന്ന് സംഘങ്ങളെ അറിയിക്കാൻ അതിയായ സന്തോഷമുണ്ട്. 2024 ഫെബ്രുവരി മാസത്തെ 4-ാം നമ്പർ മിൽക്ക് ബില്ലായി ഈ തുക നൽകുന്നതാണ്.

3) **അംഗ സംഘങ്ങളിലെ ജീവനക്കാർക്ക് കൈമാറുന്നതിലേയ്ക്കായി അധികപാൽ വില - 2 കോടി രൂപ**

2024 ജനുവരി മാസത്തിൽ അംഗ സംഘങ്ങൾ മിൽമയ്ക്ക് നൽകിയ പാലളവിന് അനുസൃതമായി കൈകാര്യ ചെലവുകൾക്കായി 2 കോടി രൂപ അധിക പാൽവില നൽകുന്നതിനും, ഈ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത സംഘങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഏതാണ്ട് തുല്യമായി ലഭിക്കത്തക്ക രീതിയിൽ ഈ ആനുകൂല്യം സംഘങ്ങൾ മുഖേന കൈമാറുന്നതിനും, മലബാർ മേഖലാ യൂണിയൻ ഭരണസമിതി തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. മേഖലാ യൂണിയന് 2024 ജനുവരി മാസത്തിൽ അംഗ സംഘങ്ങൾ നൽകിയ പാലളവിന്റെ അടിസ്ഥാനത്തിൽ സംഘങ്ങളെ വിവിധ സ്ലാബുകളാക്കി തരംതിരിച്ചാണ് ഈ ആനുകൂല്യം അനുവദിക്കുന്നത്. 2024 ഫെബ്രുവരി മാസം അവസാനവാരം/2024 മാർച്ച് മാസം ആദ്യവാരം ചെക്കുകളായി ജില്ലാ/ഹെഡ് ക്വാർട്ടർതല സംഘങ്ങളുടെ യോഗത്തിൽ വെച്ച് കൈമാറുന്നതാണ്. അംഗ സംഘങ്ങൾ നൽകിയ പാലളവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്ലാബുകൾ പ്രകാരം ഓരോ സംഘത്തിനും ലഭിക്കുന്ന തുക സംബന്ധിച്ച അറിയിപ്പ് അതത് ജില്ലാ പി ആന്റ് ഐ യൂണിറ്റ് / സബ് യൂണിറ്റ് മേധാവികൾ സംഘങ്ങളെ അറിയിക്കുന്നതാണ്. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി അംഗ സംഘങ്ങളിലെ ജീവനക്കാർക്ക് കൈമാറുന്നതിനായി മേഖലാ യൂണിയൻ അനുവദിച്ച 3 കോടി രൂപയും, ഈ വർഷത്തെ 2 കോടി രൂപയുമടക്കം 5 കോടി രൂപ അധിക പാൽ വിലയായി നൽകുന്നു എന്നത് ഏറെ ശ്രദ്ധേയമായ നേട്ടമാണ്.

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. ★
No. D 89 (D)
H.O.
Calicut

***ക്ഷീര സംഘങ്ങൾക്ക് മേഖലാ യൂണിയനിൽ നിന്നും പ്രവർത്തന ഫണ്ടായും, കൈകാര്യ ചെലവുകൾക്കായും അനുവദിക്കുന്ന "അധിക പാൽ വില ചെക്കുകൾ" എത്രയും പെട്ടെന്ന് (2024 മാർച്ച് 31 നകം) സംഘത്തിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ സാമ്പത്തിക വർഷത്തിനുള്ളിൽ ചെക്കുകൾ Clear ചെയ്യേണ്ടതാണ്.***

അംഗ സംഘങ്ങൾക്ക് ഓഹരിയാക്കി മാറ്റുന്നതിനുള്ള അധിക പാൽ വില സംബന്ധിച്ച വിശദമായ സർക്കുലർ പിന്നീട് നൽകുന്നതാണ്.

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

21/2/24

**മാനേജിംഗ് ഡയറക്ടർ**

21/2

മേഖലാ യൂണിയന് പാൽ നൽകുന്ന എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും

പകർപ്പ് :

1. ജനറൽ മാനേജർ
2. സീനിയർ മാനേജർ, കോഴിക്കോട് ഡെയറി
3. എല്ലാ ഡെയറി മാനേജർമാർക്കും
4. മാനേജർ (പി ആന്റ് ഐ)
5. മാനേജർ (എം.ഐ.എസ് & എസ്)
6. മാനേജർ (ഫിനാൽസ്)
7. ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ
8. പി&ഐ സബ് യൂണിറ്റ് മേധാവികൾ

} മേൽ നടപടികൾക്കായി

9. ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
10. മാനേജർ, എം.പി.എഫ് പ്രൊജക്ട്
11. പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
12. ഡെയറി മാനേജർ, സി.പി.ഡി
13. പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
14. അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)
15. www.mrcmpu.com/E-Stock Files

} അറിവിലേയ്ക്കായി

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut

**2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ അധിക പാൽ വില നൽകിയതിന്റെ വിശദവിവരം**

ജില്ല/യൂണിറ്റ് : കോഡ് നമ്പർ:

1. സംഘത്തിന്റെ പേര് : ................................................ക്ഷീരോൽപ്പാദക സഹകരണ സംഘം
2. 2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ ആകെ സംഭരണം : --------- ലിറ്റർ
3. 2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ പ്രാദേശിക വിൽപ്പന : --------- ലിറ്റർ
4. 2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ ഡെയറി വിൽപ്പന : --------- ലിറ്റർ
5. 2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ മിൽമയിൽ നൽകിയ

   പാലിന്റെ ശരാശരി SNF % : ---------
6. സംഘത്തിന് അർഹമായ അധിക പാൽ വില : ---------- രൂപ (................ രൂപ പ്രകാരം)
7. 2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ സംഭരിച്ച പാലിന്

   കർഷകർക്ക് വിതരണം ചെയ്ത അധിക പാൽ വില : ---------- രൂപ

2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ സംഘം സംഭരിച്ച ....................................ലിറ്റർ പാലിന് അധിക വിലയായി...............................രൂപ (...................................................................................... രൂപ) ........................ തിയ്യതി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയത്...................... തിയ്യതി ...................... നമ്പർ കാഷ് ബുക്ക് പേജിൽ ചെലവ് എഴുതിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം/ തിയ്യതി

(സീൽ)

പ്രസിഡന്റ് സെക്രട്ടറി (ഒപ്പ്)

..................................................................ക്ഷീരോൽപ്പാദക സഹകരണ സംഘം 2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ സംഭരിച്ച പാലിന് കർഷകർക്ക് നൽകിയ അധിക വിലയുടെ കണക്ക് .......................തിയ്യതി പരിശോധിച്ചു. ആയതിനാൽ ......................രൂപ ക്ഷീര കർഷകർക്ക് അധിക പാൽ വിലയായി നൽകിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

HQ ഇൻചാർജ്ജ്
പേര്, ഒപ്പ്
തിയ്യതി

DOH/UH
പേര്, ഒപ്പ്
തിയ്യതി